# വിജ്ഞാപനം

നമ്പർ: 47/2009/സം.തി.ക. തീയതി: തിരുവനന്തപുരം, 2009 ജനുവരി 29

സംസ്ഥാനത്ത് വിവിധ ജില്ലകളിലെ, താഴെ പട്ടികയിൽ സൂചിപ്പിക്കുന്ന ഗ്രാമ, ജില്ലാപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2009 ജനുവരി 15-ാം തീയതി കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ കമ്മീഷന്റെ 38/2009/സം.തി.ക നമ്പർ വിജ്ഞാപനം അനുസരിച്ച് " ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതി 2009 ഫെബ്രുവരി 17 (ചൊവ്വ) " ആയി നിശ്ചയിച്ചിട്ടു ് .

വോട്ടെടുപ്പിന് മുമ്പായുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമം എല്ലാ നിയോജക മണ്ഡലങ്ങളിലും പൂർത്തീകരിച്ചിട്ടു ്. എന്നാൽ സംസ്ഥാനത്തെ ഒരു വിഭാഗം സർക്കാർ ജീവനക്കാരുടെ സംഘടനകൾ 17.02.2009-ന് പണിമുടക്ക് ആഹ്വാനം ചെയ്തിട്ടുള്ളതായി കമ്മീഷന് വിവരം ലഭിച്ചിട്ടുള്ള തിനാലും അത് തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിക്കുമെന്ന് കമ്മീഷന് ബോദ്ധ്യമായതിനാലും 2009 ജനുവരി 15-ാം തീയതിയിലെ കമ്മീഷന്റെ 38/2009/സം.തി.ക നമ്പർ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിരുന്ന വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതി ഭേദഗതി ചെയ്ത് പുതുക്കി നിശ്ചയിക്കേ ത് ആവശ്യമായിരിക്കുന്നു. ആയതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 49-ാം വകുപ്പും ഇൻഡ്യൻ ഭരണഘടനയിലെ 243 (കെ) അനുഛേദവുമായി കൂട്ടിവായിക്കുന്ന പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മുൻപറഞ്ഞ വിജ്ഞാപനത്തിൽ " (ഡി) 2009 ഫെബ്രുവരി 17 (ചൊവ്വ) : ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും " എന്നത് താഴെ പറയുംപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. അതായത് :-

## ഭേദഗതി

" (ഡി) 2009 ഫെബ്രുവരി 25 (ബുധൻ) : ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും "

മറുപുറം

## പട്ടിക

| ക്രമ നമ്പർ | ജില്ലയുടെ പേര് | തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | നിയോജകമണ്ഡല ത്തിന്റെ/വാർഡിന്റെ നമ്പരും പേരും | സംവരണ വിവരം |
|---|---|---|---|---|
| 1. | തിരുവനന്തപുരം | ജി. 31 പോത്തൻകോട് | 15 കല്ലൂർ | പട്ടികജാതി |
| 2. | തിരുവനന്തപുരം | ജി. 39 ആര്യനാട് | 03 തേവിയാരുകുന്ന് | ജനറൽ |
| 3. | പത്തനംതിട്ട | ജി. 45 ഏനാദിമംഗലം | 13 ഇളമണ്ണൂർപടിഞ്ഞാറ് | ജനറൽ |
| 4. | **ആലപ്പുഴ** | **ഡി. 04 ആലപ്പുഴ** | **01 അരൂർ** | **വനിത** |
| 5. | തൃശൂർ | ജി. 22 വടക്കാഞ്ചേരി | 14 റെയിൽവേ സ്റ്റേഷൻ | വനിത |
| 6. | തൃശൂർ | ജി. 67 പറപ്പൂക്കര | 10 വൈലൂർ | ജനറൽ |
| 7. | മലപ്പുറം | ജി. 69 വേങ്ങര | 07 അമ്പലപ്പുറായ | ജനറൽ |
| 8. | മലപ്പുറം | ജി. 72 തേഞ്ഞിപ്പലം | 13 ചെനക്കലങ്ങാടി | വനിത |
| 9. | മലപ്പുറം | ജി. 88 മംഗലം | 15 കൂട്ടായി ടൗൺ | ജനറൽ |
| 10. | കോഴിക്കോട് | ജി. 16 മരുതോങ്കര | 04 മരുതോങ്കര നോർത്ത് | ജനറൽ |
| 11. | കണ്ണൂർ | ജി. 59 മൊകേരി | 08 പാറേമ്മൽ | ജനറൽ |

ബി. ശ്രീദേവി
സെക്രട്ടറി